STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

# വൈസ് ചെയർമാൻ തസ്തികയിലേക്കുള്ള നിയമനം
## വിജ്ഞാപനം

**നം. എ1/897/2025/സ്കോൾ-കേരള** **തീയതി. 06.02.2026**

കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ-കേരള (സ്കോൾ-കേരള) യുടെ വൈസ് ചെയർമാൻ തസ്തികയിലെ ഒരു ഒഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

*തസ്തികയുടെ പേര്* : ***വൈസ് ചെയർമാൻ***

*യോഗ്യത* :
1. *ഇന്ത്യയിലെ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി സർവ്വകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ നേടിയ പി.എച്ച്.ഡി*
2. *15 വർഷത്തിൽ കുറയാത്ത അധ്യാപന പരിചയം*
3. *ഭരണ നിർവ്വഹണത്തിൽ ഉള്ള മുൻപരിചയം അഭികാമ്യം*

*നിയമന കാലയളവ്* : *ചുമതല ഏൽക്കുന്ന തീയതി മുതൽ ഒരു വർഷം (ഡെപ്യൂട്ടേഷൻ നിയമനമാണെങ്കിൽ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് KSR-ലെ വ്യവസ്ഥകൾ പ്രകാരവും, കരാർ നിയമനമാണെങ്കിൽ കരാർ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരവും ആയിരിക്കും നിയമനം)*

*പ്രായപരിധി* : *ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ 45 വയസ്സ് പൂർത്തിയായിരിക്കണം*

*നിയമന രീതി* : *യോഗ്യരായ അപേക്ഷകരിൽ നിന്നും അഭിമുഖം മുഖേന*

യോഗ്യരായ അപേക്ഷകർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, വിശദമായ ബയോഡേറ്റ, യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള), വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി അയക്കേണ്ടതാണ്. അപേക്ഷ scolekerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും അയക്കാവുന്നതാണ്. എന്നാൽ ആയതിന്റെ ഹാർഡ് കോപ്പി അപേക്ഷകൾ ലഭിക്കാൻ നിശ്ചയിച്ച അവസാന തീയതിക്കും സമയത്തിനും ഉള്ളിൽ മേൽപ്പറഞ്ഞ വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കാനുള്ള അവസാന തീയതി **16.02.2026 വൈകുന്നേരം 5 മണി** ആയിരിക്കും. അപേക്ഷ അയക്കുന്ന കവറിന് പുറത്ത് **വൈസ് ചെയർമാന്റെ തസ്തികയിലേക്കുള്ള അപേക്ഷ** എന്ന് രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത തീയതിക്കും സമയപരിധിക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**സെക്രട്ടറി**

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012

പകർപ്പ്,

സ്കോൾ-കേരള വെബ് സൈറ്റ്
നോട്ടീസ് ബോർഡ്

C1/E/SCOLEA1/LettersMal2023/538